# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം. 15 /1409/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 29/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം. 15 /1409/2022 തീയ്യതി: 29/06/2022

## മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-03-2022 മുതൽ 09-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 10-06-2022 | 20-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|
| 10-06-2022 | 20-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ..പി, ഓഡിറ്റ് ഓഫീസർ

ശ്രീ.മുഹമ്മദ് സിയാദ് പി.പി, അസി.ഓഡിറ്റ് ഓഫീസർ,

ശ്രീമതി.ലത ഒ.വി, സീ.ഗ്രേഡ് ഓഡിറ്റർ

ശ്രീ. ഇദ്രീസ് അബ്ദുള്ള എ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അബ്ദുൾ റഫീഖ് എം | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ശ്രീമതി. ഷംസിയ സുബൈർ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ പി.എ മുഹമ്മദ് ഹാഷിം | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പ്രശാന്ത് സി.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 03-03-2021 |
| ശ്രീ സുബാഷ് കുമാർ സി | അസിസ്റ്റന്റ് സെക്രട്ടറി | 04-03-2021 | 31-03-2021 |
| ശ്രീമതി ആമിന | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-05-2020 |
| ശ്രീമതി കമലാക്ഷി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-06-2020 | 22-11-2020 |
| ശ്രീമതി സൈബുന്നീസ സി.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 23-11-2020 | 31-03-2021 |
| ശ്രീമതി ആരുണി പി.എസ് | കൃഷി ഓഫീസർ | 01-04-2020 | 28-02-2021 |
| ശ്രീ ശരത്ത് പി.എസ് | കൃഷി ഓഫീസർ | 01-03-2021 | 31-03-2021 |
| ശ്രീമതി സുധർമ വി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ. സജീല എ.കെ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ. ഹരീഷ് ബാബു | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. ദിവ്യ മോഹൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ ജേക്കബ് ജേർസൺ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ. അജിത കുമാർ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-05-2020 |
| ശ്രീമതി. ശ്രീജ | ഹെഡ്മിസ്ട്രസ്സ് | 01-06-2020 | 15-02-2021 |
| ശ്രീമതി. രമ്യ | ഹെഡ്മിസ്ട്രസ്സ് | 16-02-2021 | 31-03-2021 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 15-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 15-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 15-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 20-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 20-06-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 20-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 20-06-2022) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 1-11 |
| 13 | കാലഹരണപ്പെട്ട വിവിധ ഡെപ്പോസിറ്റ് തുകകൾ നാളിതു വരെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.<br>Written By: Idrees Abdulla A.C. (Auditor, On 20-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-12 |
| 14 | ഗ്രാമ പഞ്ചായത്ത് വക കെട്ടിടങ്ങളും അവയിലെ മുറികളും വാടകയ്ക്ക് നൽകുന്നതിനുള്ള കരട് ബൈലോയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ല.<br>Written By: Idrees Abdulla A.C. (Auditor, On 20-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 20-06-2022) | 1-13 |
| 15 | തെറ്റായ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു. വസ്തു നികുതി ഈടാക്കിയതിൽ കുറവ് വന്നു.<br>Written By: Idrees Abdulla A.C. (Auditor, On 20-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 20-06-2022) | 1-14 |
| 16 | വസ്തു നികുതി - സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് നിശ്ചയിച്ചില്ല. | 1-15 |

| | | |
|---|---|---|
| | Written By: Idrees Abdulla A.C. (Auditor, On 20-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | |
| 17 | രേഖകൾ ലഭ്യമായിട്ടില്ല<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 16-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 1-16 |
| 18 | വാട്ടർ ചാർജ്:സംയുക്ത പരിശോധന നടത്തേണ്ടതാണ്<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 16-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 1-17 |
| 19 | സ്ട്രീറ്റ് ലൈറ്റുകൾ:രേഖകൾ ലഭ്യമല്ല<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 18-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 1-18 |
| 20 | പ്രൊജക്ടർ ഇൻസ്റ്റലേഷൻ പൂർത്തീകരിച്ചിട്ടില്ല<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 16-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 20-06-2022) | 1-19 |
| 21 | മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.<br>Written By: Idrees Abdulla A.C. (Auditor, On 20-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-20 |
| 22 | ട്രാൻസ്പോർട്ടേഷൻ ചാർജ്: ട്രിപ്പ് ഷീറ്റുകൾ ഹാജരാക്കിയില്ല.<br>Written By: Latha.O.V (Auditor, On 20-06-2022)<br>Last Updated By: Latha.O.V (Auditor, On 21-06-2022) | 1-21 |
| 23 | സ്കോളർഷിപ്പ് വിതരണം- ഭിന്നശേഷിക്കാരുടെ ഡാറ്റാ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.<br>Written By: Latha.O.V (Auditor, On 20-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 1-22 |
| 24 | ഫുഡ് ടെസ്റ്റ് ലാബിലെ പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയില്ല.<br>Written By: Latha.O.V (Auditor, On 20-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 1-23 |
| 25 | അംഗനവാടി പൂരകപോഷകാഹാരം - ജി.എസ്.ടി.യിൻമേൽ ടി.ഡി. എസ്. ഈടാക്കിയില്ല.<br>Written By: Latha.O.V (Auditor, On 20-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 1-24 |
| 26 | തലക്കടത്തൂർ പാലത്തിന് മുകളിൽ ഫെൻസിംഗ് നിർമ്മാണം – തെറ്റായ നിരക്ക് അനുവദിച്ചു – കരാറുകാരന് അധികം നൽകിയത് 8865 രൂപ<br>Written By: Rishil.P (Audit Officer, On 20-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 1-25 |
| 27 | ഇരിങ്ങാവൂർ GMLPSമോഡൽ സ്കൂൾ പുനരുദ്ധാരണം – കരാറുകാരന് അധികം നൽകിയത് 39564 രൂപ<br>Written By: Rishil.P (Audit Officer, On 20-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 1-26 |
| 28 | മൈലാങ്കുളം- പൂണേരി റോഡ് കോൺക്രീറ്റിംഗ് - കുറഞ്ഞ ടെണ്ടറുകൾ സമർപ്പിച്ചിട്ടും സ്വീകരിക്കാത്തതിനാൽ പ്രവൃത്തിയിൽ നഷ്ടം ഉണ്ടായി<br>Written By: Rishil.P (Audit Officer, On 20-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 1-27 |
| 29 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല<br>Written By: Rishil.P (Audit Officer, On 20-06-2022)<br>Last Updated By: Rishil.P (Audit Officer, On 20-06-2022) | 1-28 |
| 30 | യുനാനി ഡിസ്പെൻസറി പുനരുദ്ധാരണം - കുറഞ്ഞ ടെണ്ടർ സമർപ്പിച്ച കരാറുകാരന് പ്രവൃത്തി ഏൽപിച്ചില്ല<br>Written By: Rishil.P (Audit Officer, On 20-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 1-29 |
| 31 | ILGMS ൽ ലഭ്യമാക്കിയ ഓഡിറ്റേഴ്സ് ലോഗിൻ വഴി നടത്തിയ പരിശോധനാ റിപ്പോർട്ട് .<br>Written By: Idrees Abdulla A.C. (Auditor, On 21-06-2022) | 1-30 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 28-06-2022) | |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| 1 | ഇരിങ്ങാവൂർ GMLPSമോഡൽ സ്കൂൾ പുനരുദ്ധാരണം – കരാറുകാരന് അധികം നൽകിയത് 39564 രൂപ<br>Written By: Rishil.P (Audit Officer, On 20-06-2022)<br>Last Updated By: Rishil.P (Audit Officer, On 20-06-2022) | 3-1 |
| 2 | തലക്കടത്തൂർ പാലത്തിന് മുകളിൽ ഫെൻസിംഗ് നിർമ്മാണം – തെറ്റായ നിരക്ക് അനുവദിച്ചു – കരാറുകാരന് അധികം നൽകിയത് 8865 രൂപ<br>Written By: Rishil.P (Audit Officer, On 20-06-2022)<br>Last Updated By: Rishil.P (Audit Officer, On 20-06-2022) | 3-2 |
| ഭാഗം 4 | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 15-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 15-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 15-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 15-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 15-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 15-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Idrees Abdulla A.C. (Auditor, On 15-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| തീരുമാനം നം-1(1) തീയതി-24.03.2020 | തീരുമാനം നം-2(1) തീയതി-20.02.2021 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | -- | --- | ----- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7700453 |
| വരവ് | 56902384 |
| ആകെ | 64602837 |
| ചെലവ് | 53668006 |
| നീക്കിയിരിപ്പ് | 10934831 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13598424 | 13598424 | 12513042 | 1085382 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1145000 | 1145000 | 870459 | 274541 |
| വികസനഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6452000 | 6452000 | 2257830 | 4194170 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4055560 | 4055560 | 1752844 | 2302716 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 8239780 | 8239780 | 2258819 | 5980961 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 5450000 | 5450000 | 833838 | 4616162 |
| ബി ഫണ്ട് | 0 | 65842700 | 65842700 | 65842700 | 0 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക, എ.സി.ആർ എന്നിവ പ്രകാരം താഴെ പറയുന്ന ഫണ്ടുകളിലെ ചെലവ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു. ആയത് പട്ടികയിൽ ചേർക്കുന്നു.

| ഫണ്ട് | എ.സി.ആർ | ഗ്രാന്റ് പത്രിക |
|---|---|---|
| ഡെവലപ്മെന്റ് ഫണ്ട് (CFC Untied) | 2258819 | 6515614 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 1752844 | 4047534 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 2257830 | 3456227 |
| ഡെവലപ്മെന്റ് ഫണ്ട് (ജനറൽ) | 125130427 | 14105438 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 176 | 60748577 | 118 | 36908327 | 0 | 58 | 67.04% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 54887 | 879645 | 934532 | 814300 | 120232 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 6079063 | 6079063 | 6079063 | 0 |
| ആകെ | 54887 | 6958708 | 7013595 | 6893363 | 120232 |

കുറിപ്പ് തൊഴിലുറപ്പ് പദ്ധതി, ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക വാർഷികകണക്ക് , ക്യാഷ് ബുക്ക് എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്യാഷ് ബുക്ക് പ്രകാരം | വാർഷികകണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|
| 6824136 | 6893363 | 69227 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 640900 | 37 |
| വിധവാപെൻഷൻ | 23484600 | 1193 |
| വാർദ്ധക്യകാലപെൻഷൻ | 34049900 | 1691 |
| വികലാംഗപെൻഷൻ | 7419000 | 362 |
| വിവാഹ ധനസഹായം | 150000 | 5 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 98300 | 5 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.06.2022 ന് 10.15 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24135/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. എന്നാൽ നിർവഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ഫയലിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്റർ , സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ,വാട്ടർ ടാപ്പ് രജിസ്റ്റർ എന്നിവ പൂർണ്ണമാക്കിയിട്ടില്ല.

4.ജീവനക്കാരുടെ വിവരങ്ങൾ ഉൾപ്പെടുന്ന മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

5. വിവിധ ഓഡിറ്റുകളുമായി ബന്ധപ്പെട്ട് ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ, ഫയൽ പരിപാലിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.01.2022 | 11/2021 മുതൽ 12/2021വരെ | 13.01.2022 |
| എ.ജി ഓഡിറ്റ് | 04.03.2011 മുതൽ 14.03.2011 വരെ | 2005-06 മുതൽ 2009-10 വരെ | 18.04.2011 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. Deposit രജിസ്റ്റർ പ്രകാരം Suppliers Retention ഇനത്തിൽ സാമ്പത്തിക വർഷത്തിൽ വരവുള്ള 33248/- രൂപ വാർഷികകണക്കിൽ പ്രതിഫലിച്ചിട്ടില്ല.

2. വാർഷികകണക്കിലെ B7 ഷെഡ്യൂൾ Supplies EMD (99503/-രൂപ), Election Deposit (102500/-രൂപ) എന്നീ ഇനങ്ങളിലെ ബാലൻസ് ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3. B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള സ്റ്റേറ്റ്, സെൻട്രൽ സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾക്ക് എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

4. ആസ്തി രജിസ്റ്ററിൽ എല്ലാ ആസ്തികളുടെയും പൂർണ്ണമായ വിവരങ്ങൾ ചേർത്ത് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാലും വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5. തൊഴിലുറപ്പ് പദ്ധതി, ഉണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക വാർഷികകണക്ക് , ക്യാഷ് ബുക്ക് എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്യാഷ് ബുക്ക് പ്രകാരം | വാർഷികകണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|
| 6824136 | 6893363 | 69227 |

6. ILGMS നടപ്പിലാക്കിയ തീയതിയിലെ (07.10.2020) വാർഷികകണക്ക് പരിശോധിച്ചതിൽ, പഞ്ചായത്തിന് കിട്ടാനുള്ള തുകകൾ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ഡിമാന്റ് ചെയ്യാത്തതിനാൽ Sundry Debtors(Receivables) B-15 ഷെഡ്യൂളിലെ തുക നെഗറ്റീവ് ആയി വരുന്നു.

7. Contractors Retention ഇനത്തിൽ പിടിച്ച് വെച്ച താഴെ കാണിച്ചിട്ടുള്ള തുകകൾ വാർഷികകണക്കിലോ, ഡെപോസിറ്റ് രജിസ്റ്ററിലോ ചേർത്തിട്ടില്ല.

| വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|
| 22000188 | 01.07.2020 | 33248 |
| 22000118 | 08.06.2020 | 12491 |
| 22000065 | 11.06.2020 | 12491 |

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 കാലഹരണപ്പെട്ട വിവിധ ഡെപ്പോസിറ്റ് തുകകൾ നാളിതു വരെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

കേരള ഫിനാൻസ് കോഡ് Article 56 (B) പ്രകാരം മൂന്ന് വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതായിരുന്നു. എന്നാൽ താഴെ കാണിച്ചിട്ടുള്ള കാലഹരണപ്പെട്ട ഫണ്ടുകൾ നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല.

| ഡെപ്പോസിറ്റ് ഇനം | കാലഹരണപ്പെട്ട ആകെ തുക |
|---|---|
| Bidders EMD | 2488 |
| Contractors Security Deposit | 18150 |
| Suppliers Security Deposit | 13125 |
| Contractors EMD | 347065 |
| Contractors Retension | 19788 |
| ആകെ | 400616 |

കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ. 08/17.06.2022/2020-21)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 ഗ്രാമ പഞ്ചായത്ത് വക കെട്ടിടങ്ങളും അവയിലെ മുറികളും വാടകയ്ക്ക് നൽകുന്നതിനുള്ള കരട് ബൈലോയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് വക തലക്കടത്തുരിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിലെ മത്സ്യ മാർക്കറ്റിലെ നാല് കടമുറികൾ, പരന്നേക്കാട് കോളനിയിലുള്ള കുടുംബശ്രീ വിപണന കേന്ദ്രം കെട്ടിടത്തിലെ മൂന്ന് മുറികൾ എന്നിവ വാടകക്ക് കൊടുക്കുന്നത് സംബന്ധിച്ച് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 254, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാകുവാനുള്ള നടപടി ക്രമം) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം കരട് ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയതിന് ഭരണസമിതി അംഗീകാരം ലഭിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ.09/2020-21 തിയ്യതി -17.06.2022)ക്ക് ലഭ്യമാക്കിയ മറുപടിയിൽ തലക്കടത്തുരിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിലെ മത്സ്യ മാർക്കറ്റിലെ മുറികൾ നിലവിൽ ജീർണാവസ്ഥയിൽ ആയതിനാൽ പുതുക്കി പണിയുന്നതിന് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട് എന്നും പുനർനിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ബൈലോയ്ക്ക് അംഗീകാരം ലഭ്യമാക്കുന്നത് ഉൾപ്പെടേയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു.

കെട്ടിടത്തിന്റെ പുനർനിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം ആവശ്യമെങ്കിൽ ബൈലോയിൽ മാറ്റങ്ങൾ വരുത്താവുന്നതും നിലവിൽ കരട് ബൈലോയ്ക്ക് ഭരണസമിതി അംഗീകാരം ലഭ്യമാക്കി കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാകുവാനുള്ള നടപടി ക്രമം) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം സർക്കാരിൽ നിന്നോ സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ അംഗീകാരം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 തെറ്റായ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു. വസ്തു നികുതി ഈടാക്കിയതിൽ കുറവ് വന്നു.

കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011ലെ സ.ഉ.(അ)4/2011 /ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം പ്രകാരം 100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്ക് : 50/- രൂപ / ച.മീറ്ററാണ്.

എന്നാൽ 8/314- A, 8/314- B എന്നീ കെട്ടിടങ്ങൾക്ക് പഞ്ചായത്ത് കമ്മിറ്റി നിശ്ചയിച്ച നിരക്കായ 50 രൂപ /ച.മീറ്റർ എന്നതിന് പകരം 30രൂപ /ച. മീറ്റർ എന്ന നിരക്കിലാണ് നികുതി നിശ്ചയിച്ചിട്ടുള്ളത് .

| ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണം | ഉപയോഗ ക്രമം |
|---|---|---|---|
| പ്രസിഡന്റ് , ഇർഷാദുൽ മുസ്ലിമീൻ മദ്രസ കുറുപ്പിൻപടി ഇരിങ്ങാവൂർ | 8/314-A<br>8/314-B | 137.21 ച.മീ | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ ന് മുകളിലുള്ള കെട്ടിടം |

30 രൂപ /ച.മീറ്റർ നിരക്കിൽ നിർണ്ണയിച്ച നികുതി

| കെട്ടിട നമ്പർ | അടിസ്ഥാന നികുതി | ഇളവ് (10%) | വർദ്ധനവ്(20%) | ഗ്രന്ഥശാല വരി | ആകെ |
|---|---|---|---|---|---|
| 8/314-A | 2058 | 205.815 | 411.63 | 114 | 2378 |
| 8/314-B | 2058 | 205.815 | 411.63 | 114 | 2378 |

50 രൂപ /ച.മീറ്റർ നിരക്കിൽ നിർണ്ണയിക്കേണ്ട നികുതി

| കെട്ടിട നമ്പർ | അടിസ്ഥാന നികുതി | ഇളവ് (10%) | വർദ്ധനവ്(20%) | ഗ്രന്ഥശാല വരി | ആകെ |
|---|---|---|---|---|---|
| 8/314-A | 3430 | 343.0 | 686 | 171.5 | 3945 |
| 8/314-B | 3430 | 343.0 | 686 | 171.5 | 3945 |

ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ. 10/2020-21 തിയ്യതി 17.06.2022)ക്ക് നികുതി പുനർനിർണയിച്ച് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇതു കൂടാതെ ഇത്തരത്തിൽ നികുതി നിർണ്ണയിച്ച മറ്റ് കെട്ടിടങ്ങൾ ഉണ്ടോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 വസ്തു നികുതി - സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് നിശ്ചയിച്ചില്ല.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് 24.02.2015ലെ സ.ഉ.(അ)നം. 36/2015/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൌണ്ടിൽ വരുന്ന കാന്റീൻ ആഡിറ്റോറിയം വർക്ക്ഷോപ്പ്, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ, മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റ് കെട്ടിടങ്ങൾ എന്നീ ഉപയോഗ ക്രമങ്ങൾ കൂടി ഉൾപ്പെടുത്തി കെട്ടിടങ്ങൾക്ക് ചുമത്തുന്ന വസ്തു നികുതി നിരക്കിൽ ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ സഞ്ചയ വസ്തു നികുതി പ്രിന്റ് പരിശോധിച്ചതിൽ, മേൽ ഉത്തരവ് പ്രകാരമുള്ള വിദ്യഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൌണ്ടിൽ വരുന്ന കാന്റീൻ ആഡിറ്റോറിയം വർക്ക്ഷോപ്പ് എന്നിവ ഒഴികെ മറ്റു ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിൽ നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച് വിവരം ഓഡിറ്റിനെ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ. 11/2020-21 തിയ്യതി 17.06.2022)ക്ക് പഞ്ചായത്ത് പരിധിയിൽ ഇത്തരം ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾ ഇല്ലാത്തതിനാലാണ് നികുതി നിരക്ക് നിശ്ചയിക്കാതിരുന്നത് എന്നും അടുത്ത ഭരണ സമിതി യോഗത്തിൽ നികുതി നിരക്ക് നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും അറിയിച്ചു.

## 1-16 രേഖകൾ ലഭ്യമായിട്ടില്ല

സെക്രട്ടറിയുടെ താഴെപ്പറയുന്ന ചെലവുകളുടെ വൗച്ചറുകളുടെ കൂടെ അതാതിനു നേരെ കാണിച്ചിട്ടുള്ള രേഖകൾ ഓഡിറ്റിനു ഹാജരാക്കിയ ഫയലിൽ ലഭ്യമല്ല.

| ക്രമ നം. | ചെലവു വിവരം | ബിൽ റെഫ.നം/തിയ്യതി | തുക | ഫണ്ട് | അപാകത |
|---|---|---|---|---|---|
| 1. | എസ്.എസ്.എ വിഹിതം അടവാക്കൽ പ്രൊ. നം.46/21 | 20150552005400558328/ 26.9.2020 | 11,00,000 | വികസന ഫണ്ട് | രസീതി,വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 2. | ഐ കെ എം വിഹിതം അടവാക്കൽ പ്രൊ.നം. 02/21 | 20150552005400686164/ 26.9.2020 | 61,208 | വികസന ഫണ്ട് | രസീതി ഇല്ല |
| | ആകെ | | 1161208 | | |

ഇക്കാര്യം ചൂണ്ടിക്കാണിച്ചു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/15.6.2022 നു മറുപടി ലഭ്യമായിട്ടില്ല. രേഖകൾ ലഭ്യമാകുന്നത് വരെ ചെലവു തുക 1161208 തടസത്തിൽ വെക്കുന്നു.

## 1-17 വാട്ടർ ചാർജ്:സംയുക്ത പരിശോധന നടത്തേണ്ടതാണ്

സെക്രട്ടറി നിർവഹണം നടത്തിയ "കേരള വാട്ടർ അതോറിറ്റിയിലേക്ക് കുടിവെള്ളക്കരം അടവാക്കൽ"(പ്രൊജ.നം. 181/21 ) എന്ന പദ്ധതിയുടെ ഭാഗമായി പ്രതിമാസം 38,938 രൂപ വീതം 12 മാസത്തെ തുകയായി 4,67,256 രൂപ 2020-21 സാമ്പത്തിക വർഷത്തിൽ വാട്ടർ അതോറിറ്റിയിലേക്ക് നൽകിയിട്ടുണ്ട്.ഇതുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ അവസാനമായി 9.11.2016 ൽ നടത്തിയ സംയുക്ത പരിശോധനയിൽ നിർണയിച്ച 89 എണ്ണത്തിന്റെ ചാർജ് ആണ് ടാപ്പ് ഒന്നിന് 437 രൂപ നിരക്കിൽ നിലവിലും ഒടുക്കി വരുന്നത്. വാട്ടർ അതോറിറ്റി ഡിമാൻഡ് ചെയ്യുന്ന തുക അടവാക്കുന്നതല്ലാതെ നിലവിൽ ടാപ്പുകളിൽ ഏതെങ്കിലും ഉപയോഗ ശൂന്യമായിട്ടുണ്ടോ എന്നതും തുക അടവാക്കുന്ന മുഴുവൻ ടാപ്പുകളും പ്രവർത്തനക്ഷമമാണോ എന്നതും പിന്നീട് പരിശോധിച്ചു ഉറപ്പ് വരുത്തിയതായി കാണുന്നില്ല.സംയുക്ത പരിശോധന നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നറിയിച്ചു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 03/15-04-2022-ന "സംയുക്ത പരിശോധനയുടെ മുന്നോടിയായി ഓരോ വാർഡിലെയും ടാപ്പുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവര ശേഖരണത്തിനായി അതാത് വാർഡ് മെമ്പർമാർക്ക് നിശ്ചിത മാതൃകയിൽ ഉള്ള പ്രൊഫോമ വിതരണം ചെയ്യാൻ തീരുമാനമായിട്ടുണ്ടെന്നും ആയത് ശേഖരിക്കുന്ന മുറക്ക് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതാണെന്നും" സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഉടർ നടപടി ത്വരിതപ്പെടുത്തേണ്ടതും പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-18 സ്ട്രീറ്റ് ലൈറ്റുകൾ:രേഖകൾ ലഭ്യമല്ല

2020-21 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ "പഞ്ചായത്തിലെ വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ ചെയ്തു പ്രവർത്തനക്ഷമമാക്കൽ (പ്രോജക്ട് നം. 14/21,അടങ്കൽ 135300:ധനകാര്യ കമ്മീഷൻ അവാർഡ്-135000,തനത് ഫണ്ട് 300) എന്ന പദ്ധതി പ്രകാരം 47355 രൂപ (ബിൽ റെഫറൻസ് നമ്പർ-20150552005401263552/ധനകാര്യ കമ്മീഷൻ അവാർഡ്) ചെലവഴിച്ചിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കൂടാതെ "സ്ട്രീറ്റ് ലൈറ്റ് പരാതി രജിസ്റ്റർ" സ്ഥാപനത്തിൽ സൂക്ഷിച്ചു വരുന്നുണ്ടെങ്കിൽ ആയതും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.47355 രൂപ തടസത്തിൽ വെക്കുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ 7/18.06.202).

## 1-19 പ്രൊജക്ടർ ഇൻസ്റ്റലേഷൻ പൂർത്തീകരിച്ചിട്ടില്ല

സെക്രട്ടറി നിർവഹണം നടത്തിയ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലേയ്ക്ക് പ്രൊജക്ടർ വാങ്ങൽ എന്ന പദ്ധതിപ്രകാരം (നമ്പർ 101/21) 29609 രൂപ(വികസന ഫണ്ട്) നൽകി കെൽട്രോണിൽ നിന്നും പ്രൊജക്ടർ വാങ്ങിയിട്ടുണ്ട്. ബിൽ റെഫറൻസ് നം.2015055200540143 6939 തിയതി 30.03.2021. എന്നാൽ പ്രൊജക്ടറിന്റെ ഇൻസ്റ്റലേഷൻ നാളിതു വരെ പൂർത്തിയായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/15.6.2022-ന ലഭ്യമാക്കിയ മറുപടിയിൽ 2021-22 വാർഷിക പദ്ധതി കാലയളവിൽ പഞ്ചായത്ത് ഓഫീസ് നവീകരണത്തിനായി പദ്ധതി ഏറ്റെടുക്കുകയുണ്ടായെന്നും മേൽ പദ്ധതി 2022-23 വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ടെന്നും പദ്ധതിയുടെ ഭാഗമായുള്ള കോൺഫറൻസ് ഹാൾ അറ്റകുറ്റ പണികൾ കൂടി പൂർത്തിയാകുന്ന മുറക്ക് പ്രൊജക്ടർ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിച്ചു. അടിസ്ഥാന സൗകര്യം ഉറപ്പ് വരുത്താതെയും ആവശ്യകത വിലയിരുത്താതെയും പദ്ധതി നടപ്പിലാക്കിയത് മൂലമാണ് വാറന്റി കാലാവധിയിൽ സർവീസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നഷ്ടമാകത്തക്ക വിധം പ്രൊജക്ടർ ഇത്തരത്തിൽ പ്രയോജനപ്പെടുത്താനാവാത്ത സാഹചര്യം ഉണ്ടായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

പ്രൊജക്ടർ സ്ഥാപിച്ച് ഉപയോഗപ്രദമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. അതു വരെ ചെലവു തുക 29609 തടസത്തിൽ വെക്കുന്നു.

## 1-20 മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

1) പ്രോജക്ട് നമ്പർ.18/2020-21 ( പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ)

അടങ്കൽ-300000 ( Maintanance Fund Non Road)

ചെലവ്- 300000 (ബിൽ നമ്പർ- 11/20.02.2021: 300000/- രൂപ,

പ്രൊഫോർമ ഇൻവോയിസ് നമ്പർ- PRF4989/01.02.2021

പ്രൊജക്ട് പ്രകാരം, മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് , ബിൽ നമ്പർ 11/20.02.2021 പ്രകാരം 300000/- രൂപ ( Maintanance Fund Non Road) നല്കിയിരുന്നു, എന്നാൽ 198310 /- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ലഭ്യമായ മരുന്നുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്ര.നം | ഇൻവോയിസ് നമ്പർ | തുക |
|---|---|---|
| 1 | 4958/09.08.21 | 54000 |
| 2 | 2737/24.06.21 | 103220 |
| 3 | 8624/07.11.21 | 24405 |
| 4 | 10355/20.12.21 | 16685 |
| ആകെ | | 198310 |

101690/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്.

2) പ്രോജക്ട് നമ്പർ .20/2020-21 (പരിരക്ഷ ഹോംകെയർ പദ്ധതി)

അടങ്കൽ-569500 (വികസന ഫണ്ട് - ജനറൽ)

പ്രൊഫോർമ ഇൻവോയിസ് നമ്പർ- PRF5181/06.02.2021

പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി, മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് , ബിൽ നമ്പർ 14/20.02.2021 പ്രകാരം 100000/- രൂപ (വികസന ഫണ്ട് - ജനറൽ) നല്കിയിരുന്നു, എന്നാൽ ഈ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നമ്പർ.04/2020-21 തിയ്യതി -15.06.2022).

## 1-21 ട്രാൻസ്പോർട്ടേഷൻ ചാർജ്: ട്രിപ്പ് ഷീറ്റുകൾ ഹാജരാക്കിയില്ല.

കൃഷി ഓഫീസർ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം വാങ്ങിയ കാർഷികവിളകൾ തൈകൾ എന്നിവ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലേയ്ക്ക് എത്തിച്ച് നൽകിയ വകയിൽ ട്രാൻസ്പോർട്ടേഷൻ ചാർജ് ഇനത്തിൽ 18620 രൂപ കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് | അടങ്കൽ | ചെലവു തുക | വാങ്ങിയതിന്റെ വിവരം | വാഹനം ഓടിയ തീയതി | ട്രാൻസ്പോർട്ടേഷൻ ചാർജ് ബിൽ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | നം&തീയതി, തുക |
| നെൽകൃഷിവികസനം 105/20-21 | 1352540 | 1352540 | 2550 Kg നെല് വിത്ത് | 17.8.20 | 12/5.3.21 3000/- |
| പച്ചക്കറി തൈവിതരണം 108/20-21 | 154000 | 154000 | 30000 എണ്ണം പച്ചമുളക് തൈകൾ 30000എണ്ണം വഴുതന തൈകൾ | 18.11.20 | 5/30.12.20 4400/- |
| കുറ്റി കുരുമുളക് കൃഷി | 228020 | 228020 | 2224എണ്ണം കുറ്റി കുരുമുളക് തൈകൾ | 4.11.20 | 7/31.12.20 5620 |
| വാഴകൃഷി വികസനം 111/20-21 | 155620 | 155620 | നേന്ത്രവാഴ 9375എണ്ണം | ലഭ്യമാക്കിയില്ല | 4/30.12.20 5620/- |
| ആകെ | | | | | 18620 |

മേൽ സൂചിപ്പിച്ച വിത്തുകളും തൈകളും വിവിധ വാർഡുകളിലേയ്ക്ക് എത്തിച്ച നൽകിയത് ശ്രീ കുഞ്ഞിപ്പ എന്ന വ്യക്തിയുടെ KL55G 8577 നം വാഹനത്തിലാണ്. ടിയാന് മേൽ ട്രാൻസ്പോർട്ടേഷൻ ചാർജ് പ്രകാരമുള്ള തുകകൾ അനുവദിച്ചിട്ടുണ്ട്. തുക നൽകിയതിന്റെ മാനദണ്ഡം എന്തെന്ന് വ്യക്തമല്ല. വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം.22 /20.6.22യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിലുള്ള ചെലവു തുക 18620/-തടസ്സം ചെയ്യുന്നു.

## 1-22 സ്കോളർഷിപ്പ് വിതരണം- ഭിന്നശേഷിക്കാരുടെ ഡാറ്റാ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

നിർവ്വഹണം: ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ടിന്റെപേര് : ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് 114/2020-21

വികസന ഫണ്ട്- 16ലക്ഷം

ബ്ലോക്ക് പഞ്ചായത്ത് 4ലക്ഷം

ജില്ലാ പഞ്ചായത്ത് 4ലക്ഷം

മൊത്തം അടങ്കൽ- 24 ലക്ഷം

ചെലവ് :2060100 രൂപ

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ഭിന്നശേഷിക്കാരായ 88 വിദ്യാർത്ഥികൾക്ക് 2020-21 വർഷത്തേക്ക് അർഹമായ സ്കോളർഷിപ്പ് ബത്ത എന്നിവ ഇനത്തിൽ മേൽ പ്രൊജക്ട പ്രകാരം 2060100 രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ മുന്നോടിയായി ഗുണഭോക്താക്കളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും പഠനം നടത്തുന്ന സ്ഥാപനം, ക്ലാസ്, പ്രായം, വൈകല്യത്തിന്റെ സ്വഭാവം തുടങ്ങി അവശ്യമായ വിവരങ്ങൾ ലിസ്റ്റിൽ രേഖപ്പെടുത്തികാണുന്നില്ല. വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ ഒരു ഡാറ്റാ ബേസ് പഞ്ചായത്ത് തലത്തിൽ തയ്യാറാക്കാനും കാലാകാലങ്ങളിൽ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കാലികമായി സൂക്ഷിക്കാനും നിർദ്ദേശമുള്ളതാണ്. പഞ്ചായത്തിൽ ഭിന്നശേഷി വിഭാഗക്കാരുടെ വാർഡ് തലത്തിലുള്ള സർവ്വേ പൂർത്തിയാക്കി ആയതിലെ വിവരം ക്രോഡീകരിച്ച് ഭരണസമിതി പരിശോധിച്ച് രജിസ്റ്ററായി സൂക്ഷിച്ചിട്ടില്ല. 17.08.16ലെ 2465/2016/തസ്വഭവ നമ്പർ ഉത്തരവിൽ ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശിച്ചതാണ്. ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ തയ്യാറാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം.15/18.6.22 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-23 ഫുഡ് ടെസ്റ്റ് ലാബിലെ പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയില്ല.

നിർവ്വഹണം: ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ടിന്റെപേര് : അംഗനവാടി പോഷകാഹാരം ( 29/2020-21 )
വികസന ഫണ്ട്- : 15ലക്ഷം

കേന്ദ്രവിഹിതം : 20ലക്ഷം

ചെലവ് :35 ലക്ഷം

ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ മേൽ പ്രൊജക്ടിന്റെ നടത്തിപ്പിനായി 29 അങ്കണവാടികളിലേക്ക് രാഗശ്രീ ന്യൂട്രിമിക്സ് യൂനിറ്റ്, അന്നപൂർണ ന്യൂട്രിമിക്സ് യൂനിറ്റ് എന്നീ കുടുംബശ്രീ യൂനിറ്റുകളിൽ നിന്നും അമൃതം ന്യൂട്രിമിക്സ് ഫുഡ് സപ്ലിമെന്റ് വാങ്ങിയതിൽ ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ സ്ഥാപനങ്ങൾക്ക് കൈമാറിയ തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)രാഗശ്രീ ന്യൂട്രിമിക്സ് യൂനിറ്റ് ,വേങ്ങര.

| ക്രമ നമ്പർ | ബിൽ നം & തുക | ഇൻവോയ്സ് നം,തീയതി | വാങ്ങിയ ന്യൂട്രിമിക്സ് | സ്ഥാപനത്തിനു നൽകിയ തുക |
|---|---|---|---|---|
| 1 | 42/26.5.20, 148000/- | 166/1.5.20 | 2000kg | 140000/- |
| 2 | 43/26.5.20, 150553/- | 171/25.5.20 | 2035kg | 150553/- |
| 3 | 67/12.8.20, 244960/- | 182/4.7.20 | 2035kg | 150589/- |
| 4 | 79/28.9.20, 645994/- | 188/4.8.20 | 3015kg | 223109/- |
| 5 | 95/7.10.20, 235763 | 197/3.9.20 | 3186kg | 235763/- |
| 6 | 178/2.2.21, 721403/ | 203/5.10.20 | 3186kg | 223020/ |

2)അന്നപൂർണ ന്യൂട്രിമിക്സ് യൂനിറ്റ്, കണ്ണമംഗലം.

| | | | | |
|---|---|---|---|---|
| 7 | 114/5.11.20 74700/- | 27/19.10.20 | 3185kg | 235805 |
| 8 | 115/5.11.20 540620/- | 20/5.10.20 | | |
| 9 | 178/2.221 721403/- | 38/11.12.20 | 3064kg | 216012 |
| | | 34/18.5.20 | 3496kg | 244755 |
| 10 | 232/24.3.21 500385/- | 45/27.1.21 | 2578kg | 190873 |
| | | 49/3.3.21 | 2578.5kg | 190873 |

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഫുഡ് സാമ്പിളുകളുടെ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകത സംബന്ധിച്ച നൽകിയ ഓഡിററ് എൻക്വയറി നം.14/18.6.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഫുഡ് ടെസ്റ്റ് ലാബിലെ പരിശോധനാ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-24 അംഗനവാടി പൂരകപോഷകാഹാരം - ജി.എസ്.ടി.യിൻമേൽ ടി.ഡി. എസ്. ഈടാക്കിയില്ല.

നിർവ്വഹണം: ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് നം : 29/2020-21

മൊത്തം അടങ്കൽ- : 35 ലക്ഷം

ചെലവ് :35 ലക്ഷം

CGSTനിയമം, സെക്ഷൻ 51അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 250000ത്തിനു മുകളിലുള്ള പർചേയ്സിന് ജി.എസ്.ടി.യിൻ മേൽ 2% ടി.ഡി.എസ്. കുറവു ചെയ്യേണ്ടതാണ്. എന്നാൽ പഞ്ചായത്തിനു കീഴിലുള്ള 29 അംഗനവാടികളിലേയ്ക്കാവശ്യമായ ന്യൂട്രിമിക്സ് മേൽ പ്രൊജക്ട് പ്രകാരം രാഗശ്രീ ന്യൂട്രിമിക്സ് യൂണിറ്റ് ,അന്നപൂർണ്ണ ന്യൂട്രിമിക്സ് യൂണിറ്റ് എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയപ്പോൾ ഇപ്രകാരം ടി.ഡി. എസ്. കുറവു ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)രാഗശ്രീ ന്യൂട്രിമിക്സ് യൂണിറ്റ് വേങ്ങര

| ക്രമ നമ്പർ | ബിൽ നം & തുക | ഇൻവോയ്സ് നം,തീയതി | വാങ്ങിയ ന്യൂട്രിമിക്സ് | സ്ഥാപനത്തിനു നൽകിയ തുക (GST ഒഴികെ) | ആകെ |
|---|---|---|---|---|---|
| 1 | 42/26.5.20, 148000/- | 166/1.5.20 | 2000kg | 140000/- | 858970 |
| 2 | 43/26.5.20, 150553/- | 171/25.5.20 | 2035kg | 142450/- | |
| 3 | 67/12.8.20, 244960/- | 182/4.7.20 | 2035kg | 142450/- | |
| 4 | 79/28.9.20, 645994/- | 188/4.8.20 | 3015kg | 211050/- | |
| 5 | 95/7.10.20, 235763 | 197/3.9.20 | 3186kg | 223020/- | |
| 6 | 178/2.2.21, 721403/ | 203/5.10.20 | 3186kg | 223020/ | |

2)അന്നപൂർണ ന്യൂട്രിമിക്സ് യൂണിറ്റ്

| | | | | | |
|---|---|---|---|---|---|
| 7 | 114/5.11.20 74700/- | 27/19.10.20 | 3185kg | 224577 | 1046334 |
| 8 | 115/5.11.20 540620/- | 20/5.10.20 | | | |
| 9 | 178/2.221 721403/- | 38/11.12.20 | 3064kg | 216012 | |
| | | 34/18.5.20 | 3496kg | 244755 | |
| 10 | 232/24.3.21 500385/- | 45/27.1.21 | 2578kg | 180495 | |
| | | 49/3.3.21 | 2578.5kg | 180495 | |

സർക്കാർ നിർദ്ദേശത്തിനനുസൃതമായി നികുതി പിടിച്ച് ഒടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം.13/18.6.22യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. നിയമപ്രകാരമുള്ള നികുതി ടി.ഡി.എസ് നടത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-25 തലക്കടത്തൂർ പാലത്തിന് മുകളിൽ ഫെൻസിംഗ് നിർമ്മാണം – തെറ്റായ നിരക്ക് അനുവദിച്ചു – കരാറുകാരന് അധികം നൽകിയത് 8865 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് - 164/21

ഫണ്ട് - ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്

ബിൽ -21/25.8.20 – 158047

മൂല്യനിർണ്ണയം - 158047

കരാർ 36/5.2.20

അളവ് പുസ്തകം 64/19-20

കരാറുകാരൻ-ഉമ്മർ

TS No-84068/19-20

Est.No-2019/78240

TS-200000

Coi – 31.06% (2016 DSR)

തലക്കടത്തൂർ പാലത്തിന് മുകളിൽ ഫെൻസിംഗ് നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭാഗമായി ഇനം 4 പ്രകാരം പാലത്തിന് മുകളിൽ ഇരുവശങ്ങളിലുമായി 2.90 മീറ്റർ ഉയരത്തിൽ 10 വീതം പോസ്റ്റുകൾ (100x50mm GI Pipe) സ്ഥാപിച്ച് ഇതിനുള്ളിലായി GI Chain Link Fibre Fencing Mesh (22.3 മീറ്റർ നീളത്തിലും 3 മീറ്റർ ഉയരത്തിലും) സ്ഥാപിച്ചിട്ടുണ്ട് (DAR Code 16.70.1). ഇതിൽ GI പോസ്റ്റിനും പോസ്റ്റിൽ നാലുവശത്തായി Fencing Mesh വെൽഡ് ചെയ്ത് പിടിപ്പിക്കുന്നതിനും Approved OD 50.10.1 പ്രകാരമുള്ള നിരക്ക് വച്ച് താഴെ പറയും പ്രകാരം തുക അനുവദിച്ചു

324.662 Kgx131.26/kg = 42615.13

Approved OD 50.10.1 പ്രകാരമുള്ള നിരക്ക് ട്രസ്സ് വർക്കിന് അനുവദിക്കാവുന്ന നിരക്കാണ്. പ്രവൃത്തിയിലെ GI പോസ്റ്റ് സ്ഥാപിക്കുന്നതും വെൽഡിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് അനുവദിക്കാവുന്നത് Approved OD 50.10.2 (സിംഗിൾ സെക്ഷൻ ) പ്രകാരമുള്ള നിരക്കാണ്. ഇത് പ്രകാരം കരാറുകാരന് അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

324.662 Kgx106.88/kg = 34699.87

പ്രവൃത്തിയിൽ അധികം നൽകിയ തുക 8865 (7915.26+12%) രൂപ

(പ്രവൃത്തി 18.6.22 ന് അസി.എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചു.)

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 16 /20.6.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികമായി അനുവദിച്ച 8865 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-26 ഇരിങ്ങാവൂർ GMLPSമോഡൽ സ്കൂൾ പുനരുദ്ധാരണം – കരാറുകാരന് അധികം നൽകിയത് 39564 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് - 119/21

ഫണ്ട് - MG(NR)

ബിൽ -6/8.5.20 – 799325

മൂല്യനിർണ്ണയം - 799325

കരാർ 44/14.11.18

അളവ് പുസ്തകം 236/17-18, 237/17-18

കരാറുകാരൻ-മുഹമ്മദ്.CI

TS No-70312/17-18

Est.No-2017/779360

TS-950000

Coi – 40.2% (2016 DSR)

പ്രവൃത്തിയുടെ ഇനം 1 പ്രകാരം സ്കൂളിന്റെ ഗ്രൗണ്ട് ഫ്ലോറിലെയും ഫസ്റ്റ് ഫ്ലോറിലെയും 3 വീതം ക്ലാസ്സ് മുറികളിലും വരാന്തയിലും സ്റ്റെപ്പിലും സെറാമിക് ടൈൽസ് വിരിച്ചതിന് DAR Code 11.37 പ്രകാരമുള്ള നിരക്ക് അനുവദിച്ച് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

387.842 M2 X875 = 339361.75

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ സ്കൂളിന്റെ ഗ്രൗണ്ട് ഫ്ലോറിലെയും ഫസ്റ്റ് ഫ്ലോറിലെയും 3 ക്ലാസ്സ് മുറികൾ, വരാന്ത, സ്റ്റെപ്പ് എന്നിവ നിലവിൽ കാവി (സിമെന്റ്) പൂശിയിട്ടുള്ളതിനാൽ ഇതിന് മുകളിൽ ചിപ്പ് ചെയ്ത് പശ (Gum) ഉപയോഗിച്ച് ടൈൽസ് ഒട്ടിക്കുന്നതിനാണ് എസ്റ്റിമേറ്റിൽ പ്രോവിഷൻ വച്ചിട്ടുള്ളത്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി അളവ് പുസ്തകത്തിൽ അളവ് രേഖപ്പെടുത്തിയപ്പോൾ ടൈൽസ് വിരിച്ചതിന് DAR Code 11.37 പ്രകാരമുള്ള നിരക്ക് അനുവദിച്ചു എന്നാൽ ഇതിൽ നിന്നും സിമെന്റ് മോർട്ടാറിന്റെ അളവ് കുറച്ചിട്ടില്ല. പ്രവൃത്തി അസി.എഞ്ചിനീയറുടെയും ഓവർസിയറുടെയും സാന്നിദ്ധ്യത്തിൽ 18.6.22 ന് നേരിൽ പരിശോധിച്ചതിൽ പ്രവൃത്തിയിൽ ടൈൽസ് ഒട്ടിച്ചത് നിലവിലുള്ള കാവി / സിമെന്റ് മുകളിൽ ചിപ്പ് ചെയ്ത് പശ (Gum) ഉപയോഗിച്ചാണെന്ന് ബോധ്യപ്പെട്ടു. പ്രവൃത്തി നടക്കുമ്പോൾ സ്കൂളിൽ ഉണ്ടായിരുന്ന അധ്യാപകർ തന്നെ സ്കൂളിൽ ടൈൽസ് ഒട്ടിച്ചത് പശ (Gum) ഉപയോഗിച്ചാണെന്ന് വ്യക്തമാക്കി. സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട അദ്ധ്യാപകരുടെ വിവരണത്തിലും ഇക്കാര്യം ബോധ്യപ്പെട്ടത് സ്ഥല പരിശോധന റിപ്പോർട്ടിൽ അസി.എഞ്ചിനീയർ സമ്മതിച്ചിട്ടുണ്ട്. മാത്രമല്ല സ്കൂളിന്റെ അടുക്കള ഭാഗത്തോട് ചേർന്ന് കിടക്കുന്ന വരാന്തയും ഫസ്റ്റ് ഫ്ലോറിൽ നിന്നും മുകളിലേക്ക് പോകുന്ന സ്റ്റെപ്പുകൾ എന്നിവ നിലവിലും സിമെന്റ് കാവി പൂശിയ നിലയിലാണ് ഉള്ളത്. (ഈ ഭാഗം ചെയ്തിട്ടില്ല. അളവ് പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല) വരാന്തയിലെ തൂണുകളിൽ പശ (Gum) ഉപയോഗിച്ച് ഒട്ടിച്ച ടൈൽസ് (Skerting) അടർന്ന് പോന്നിട്ടുണ്ട്. ടൈൽസ് ഒട്ടിച്ച പ്രവൃത്തിക്ക് അനുവദിക്കാവുന്ന തുക താഴെ പറയും പ്രകാരമാണ്.

DAR Code 11.37

387.842 M2 X 875 (965.07-9.3330 Tender Below) = 339361.75

DAR Code 11.42 (Deduct For Not Using 20 Mm Thick Cement Mortar 1:4 Bedding In Laying Of Floor Tiles)

387.842 M2 X592.92 (653.96-9.3330 Tender Below) = 229959.27 (-)

DAR Code 11.43

387.842 M2 X490.91 (541.45-9.3330 Tender Below) = 190395.51 (+)

Total 299797.99

അധികം നൽകിയത് - 39564 (339361.75 - 299797.99)

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 17 /20.6.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികമായി അനുവദിച്ച 39564 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-27 മൈലാങ്കുളം- പൂണേരി റോഡ് കോൺക്രീറ്റിംഗ് - കുറഞ്ഞ ടെണ്ടറുകൾ സമർപ്പിച്ചിട്ടും സ്വീകരിക്കാത്തതിനാൽ പ്രവൃത്തിയിൽ നഷ്ടം ഉണ്ടായി

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് - 79/21

ഫണ്ട് - CFC ഗ്രാന്റ്

ബിൽ -61/31.3.21 – 297802

മൂല്യനിർണ്ണയം - 297802

കരാർ 29/5.11.2020

അളവ് പുസ്തകം 103/18-19

കരാറുകാരൻ-മുസ്തഫ കുറിയേടത്ത്

TS No-29554/20-21

Est.No-2020/74448

TS-300000

Coi – 31.06% (2016 DSR)

പ്രവൃത്തിക്ക് വേണ്ടി ടെണ്ടർ ക്ഷണിച്ചതിൽ താഴെ പറയുന്ന കരാറുകാർ ടെണ്ടർ സമർപ്പിച്ചു. (9.6.20 ന്)

| കരാറുകാരൻ | ടെണ്ടർ കുറവ് |
|---|---|
| അബ്ദുൾ ജബാർ.MT | 13% Tender Beow |
| സമീർ ഹൈദർ.M | 13.6% Tender Below |
| മുസ്തഫ കുറിയേടത്ത് | 25.04% Tender Below |
| മുഹമ്മദ് കുട്ടി.PT | 19.3% Tender Below |
| അബ്ദുൾ റസാക്ക്.TK | 22.5% Tender Below |
| ജയേഷ്.N | 25.60% Tender Below |
| അഹമ്മദ് .M | 20.01% Tender Below |
| പരമേശ്വരൻ.P | 22.009% Tender Below |
| ഹംസദ് ജാൻ | 26.34% Tender Below |
| | |

ഇതിൽ കുറവ് തുക ക്വാട്ട് ചെയ്ത ഹംസദ് ജാൻ എന്നവരുടെ ടെണ്ടർ അംഗീകരിച്ചതായി 25.6.20 ന് ടിയാന് സെലക്ഷൻ നോട്ടീസ് നൽകി കരാർ ചമക്കുവാൻ ആവശ്യപ്പെട്ടു. 27.8.20 ടിയാൻ കരാർ വക്കാത്തതിനാൽ 2% ഫൈനോട് കൂടി കരാർ വക്കാൻ ആവശ്യപ്പെടുകയും അല്ലാത്ത പക്ഷം Second Lowest ന്റെ ടെണ്ടർ സ്വീകരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് കാണിച്ച് കത്ത് അയച്ചു. തുടർന്ന് 3.9.20 ന് Second Lowest തുക ക്വാട്ട് ചെയ്ത ജയേഷ്.N എന്ന കരാറുകാരന് പ്രവൃത്തി ഏറ്റെടുത്ത് പൂർത്തിയാക്കാൻ താൽപര്യം ഉണ്ടെങ്കിൽ അറിയിക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകി. എന്നാൽ പിന്നീട് പ്രവൃത്തി 27.10.2021 ന് പ്രവൃത്തി റീടെൻഡർ ചെയ്തു.

റീ ടെൻഡറിൽ പങ്കെടുത്തവർ

| കരാറുകാരൻ | ടെണ്ടർ തുക |
|---|---|
| മുസ്തഫ കുറിയേടത്ത് | Estimate Rate |
| അഹമ്മദ് .M | 2% Tender Above |

പ്രവൃത്തി എസ്റ്റിമേറ്റ് നിരക്ക് പ്രകാരം പൂർത്തിയാക്കി കരാറുകാരനായ മുസ്തഫ കുറിയേടത്ത് എന്നവർക്ക് തുക അനുവദിച്ചു.

പ്രവൃത്തി അപാകതകൾ

1. ടെണ്ടറിൽ പങ്കെടുത്ത 9 പേരിൽ 6 പേരും 20% ത്തിന് മുകളിൽ ടെണ്ടർ കുറവ് ക്വാട്ട് ചെയ്തവരാണ്. ബാക്കിയുള്ള 3 പേർ 10% ത്തിന് മുകളിൽ ടെണ്ടർ കുറവ് ക്വാട്ട് ചെയ്തവരാണ്. ഇത്തരമൊരു സാഹചര്യത്തിൽ പ്രവൃത്തി റീട്ടെൻഡർ ചെയ്തതിന് കാരണം വ്യക്തമല്ല.

2. 3.9.20 ന് Second Lowest തുക ക്വാട്ട് ചെയ്ത ജയേഷ്.N എന്ന കരാറുകാരന് പ്രവൃത്തി ഏറ്റെടുത്ത് പൂർത്തിയാക്കാൻ താൽപര്യം ഉണ്ടെങ്കിൽ അറിയിക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകിയങ്കിലും ടിയാൻ കൈപ്പറ്റിയതായി കാണുന്നില്ല.

3.25.04% Tender Below ക്വാട്ട് ചെയ്ത മുസ്തഫ കുറിയേടത്ത് എന്ന കരാറുകാരനോട് പ്രവൃത്തി ഏറ്റെടുത്ത് പൂർത്തിയാക്കാൻ താൽപര്യം ഉണ്ടോ എന്ന് ആരാഞ്ഞിട്ടില്ല.

4.ഹംസദ് ജാൻ എന്ന കരാറുകാരന്റെ EMD തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതിന്റെ വിവരം ലഭ്യമല്ല.

5.പൊതുമരാമത്ത് ചട്ടങ്ങൾ ചട്ടം 11 ഉപചട്ടം 1 പ്രകാരം ടെൻഡർ നിരക്കുകൾ സ്വീകാര്യമല്ലാതിരിക്കുകയോ അല്ലെങ്കിൽ ആവശ്യത്തിന് ടെണ്ടറുകൾ ലഭിക്കാതിരിക്കുകയോ ചെയ്യുന്ന അവസരത്തിലാണ് റീടെൻഡർ ചെയ്യേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം സാഹചര്യം ഇല്ലാതിരുന്നിട്ടും പ്രവൃത്തി റീട്ടെൻഡർ ചെയ്തതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No.19 / 20.6.22) മറുപടി ലഭ്യമാക്കിയില്ല. കുറഞ്ഞ ടെണ്ടർ സ്വീകരിക്കാത്തത് മൂലം പ്രവൃത്തിയിൽ നഷ്ടമുണ്ടായി. ഓഡിറ്റ് റിപ്പോർട്ടിന്റെ ആദ്യ മറുപടിയിൽ വിശദീകരണം നൽകേണ്ടതാണ്.

## 1-28 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

2020-21 വർഷത്തിൽ പഞ്ചായത്തിൽ ഏതാനം പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നതായി കാണുന്നില്ല.. GO(MS)3186/2017/LSGD തി. 2.10.17 ഉത്തരവ് പ്രകാരം E-Tender

ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ നിർദേശിച്ചിട്ടുണ്ട്. മേൽ നിർദേശം പാലിക്കുകയും ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി ആയത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് അറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 18 /20.6.22 )) മറുപടി ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ ഫീസ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുകകൾ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-29 യൂനാനി ഡിസ്പെൻസറി പുനരുദ്ധാരണം - കുറഞ്ഞ ടെണ്ടർ സമർപ്പിച്ച കരാറുകാരന് പ്രവൃത്തി ഏൽപിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് - 159/21

ഫണ്ട് - MG (NR)

ബിൽ -42/17.12.20 – 149998

മൂല്യനിർണ്ണയം - 149998

കരാർ 2/19.2.2020

അളവ് പുസ്തകം 6/19-20

കരാറുകാരൻ-ദാമോദരൻ.V

TS No-95539/19-20

Est.No-2019/78223

TS-150000

Coi – 31.06% (2016 DSR)

പ്രവൃത്തിക്ക് വേണ്ടി ടെണ്ടർ ക്ഷണിച്ചതിൽ താഴെ പറയുന്ന കരാറുകാർ ടെണ്ടർ സമർപ്പിച്ചു.

| കരാറുകാരൻ | ടെണ്ടർ സമർപ്പിച്ചത് |
|---|---|
| മുഹമ്മദ് ഹനീഫ.P | 2% Tender Beow |
| ദാമോദരൻ.V | Estimate Rate |

ഇതിൽ ദാമോദരൻ.V എന്ന കരാറുകാരനാണ് പ്രവൃത്തി ഏൽപിച്ച് നൽകിയത്. കുറവ് ടെണ്ടർ ക്വാട്ട് ചെയ്ത മുഹമ്മദ് ഹനീഫ.P എന്ന കരാറുകാരന്റെ ടെണ്ടർ സ്വീകരിക്കാതിരുന്നത് വഴി പ്രവൃത്തിയിൽ 3000 രൂപയുടെ നഷ്ടം സംഭവിച്ചു.

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 20 / 20.6.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ കുറഞ്ഞ ടെണ്ടർ സ്വീകരിക്കാത്തത് മൂലമുണ്ടായ നഷ്ടം 3000 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-30 ILGMS ൽ ലഭ്യമാക്കിയ ഓഡിറ്റേഴ്സ് ലോഗിൻ വഴി നടത്തിയ പരിശോധനാ റിപ്പോർട്ട് .

1) ILGMS നടപ്പിലാക്കിയ തീയതിയിലെ (07.10.2020) കണക്കുകൾ താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

A)

| Schedule | Sankhya | ILGMS |
|---|---|---|
| Panchayath Fund-General Fund | 9279577 (B-1) | 9246479 (B-1) |
| Grants & Contribution For Specific Purpose | 6748458 (B-4) | 6128550 (B-4) |
| Other Liabilities ( Sundry Creditors) | 306210 (B-9) | 991258 (B-9) |
| Fixed Assets | 3606788 (B-11) | 173442 (B-11) |
| Sundry Debtors (Receivables) | -295942 (B-15) | -311542 (B-15) |
| Cash And Bank Balance | 7961673 (B-17) | 7976865 (B-17) |

B)

| Schedule | Sankhya | ILGMS |
|---|---|---|
| Tax Revenue | 323930 (RP-1) | 324650 (RP-1) |
| Fees & User Charges | 90991 ( RP-4) | 96068 (RP-4) |

| | | | |
|---|---|---|---|
| Revenue Grants, Funds, Contributions& Compensations | 15516818 (RP-7) | 15848581 (RP-7) | C) |
| Other Liabities | 49992 (RP-36) | 50332 (RP-35) | |
| Sundry Debtors (Receivables) | 615237 (RP-43) | 624292 (RP- 45) | |
| Decentralised Plan Programme- Productive Sector | 398750 (RP-15) | 1245444 (RP-16) | |
| Decentralised Plan Programme- Service Sector | 4788983 (RP-16) | 6064394 (RP-17) | |
| Decentralised Plan Programme- Infrastructure Sector | 1106000 (RP-17) | 2121209 (RP-18) | |

Decentralised Plan Programme- Project Not Include In Sector Division( Code 253000000 ) ILGMS വാർഷികകണക്കിൽ ഉൾപ്പെട്ടില്ല.

Past Data Entry ചെയ്യതിന്റെ വർക്ക് ഷീറ്റ് (ഫയൽ) പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല .

2) ILGMS 2020-21 വാർഷികകണക്കിലെ വിവിധ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ഹെഡുകളുടെ ലെഡ്ജർ ബുക്കിൽ For The Period Of 01.04.2020 To 31.03.2021 എന്നതിന് പകരം 01.04.202 2 To 31.03.2021 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3) ILGMS ലെ ഓഡിറ്റേഴ്സ് ലോഗിനിൽ ആവശ്യമായതും നിലവിൽ ലഭ്യമല്ലാത്തതുമായ പ്രിവിലേജുകൾ.

A) മാന്വൽ രശീതികളുടെ സ്റ്റോക്ക്, ഔട്ട്ഡോർ കളക്ഷനുകളുടെ പോസ്റ്റിങ് പരിശോധന സംവിധാനം

B) ചെക്ക് വഴി ലഭ്യമായ തുകകൾ അകൗണ്ട് ചെയ്തത് പരിശോധിക്കുന്നതിന് ബാങ്ക് ബുക്ക് റിപ്പോർട്ട്.

C) ഇന്ററെപ്റ്റഡ് രസീതി റിപ്പോർട്ട് .

D) വൗച്ചർ ലിസ്റ്റ്.

E)വൗച്ചർ/ബിൽ നമ്പർ അടിസ്ഥാനപ്പെടുത്തി ഫയൽ സേർച്ച് ചെയ്യുന്നതിനുള്ള സംവിധാനം .

F)ചെക്ക് /ഡിമാന്റ് ഡ്രാഫ്റ്റ് രജിസ്റ്റ ർ.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഇരിങ്ങാവൂർ GMLPSമോഡൽ സ്കൂൾ പുനരുദ്ധാരണം – കരാറുകാരന് അധികം നൽകിയത് 39564 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് - 119/21

ഫണ്ട് - MG(NR)

ബിൽ -6/8.5.20 – 799325

മൂല്യനിർണ്ണയം - 799325

കരാർ 44/14.11.18

അളവ് പുസ്തകം 236/17-18, 237/17-18

കരാറുകാരൻ-മുഹമ്മദ്.CI

TS No-70312/17-18

Est.No-2017/779360

TS-950000

Coi – 40.2% (2016 DSR)

പ്രവൃത്തിയുടെ ഇനം 1 പ്രകാരം സ്കൂളിന്റെ ഗ്രൗണ്ട് ഫ്ലോറിലെയും ഫസ്റ്റ് ഫ്ലോറിലെയും 3 വീതം ക്ലാസ്സ് മുറികളിലും വരാന്തയിലും സ്റ്റെപ്പിലും സെറാമിക് ടൈൽസ് വിരിച്ചതിന് DAR Code 11.37 പ്രകാരമുള്ള നിരക്ക് അനുവദിച്ച് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

387.842 M2 X875 = 339361.75

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ സ്കൂളിന്റെ ഗ്രൗണ്ട് ഫ്ലോറിലെയും ഫസ്റ്റ് ഫ്ലോറിലെയും 3 ക്ലാസ്സ് മുറികൾ, വരാന്ത, സ്റ്റെപ്പ് എന്നിവ നിലവിൽ കാവി (സിമെന്റ്) പൂശിയിട്ടുള്ളതിനാൽ ഇതിന് മുകളിൽ ചിപ്പ് ചെയ്ത് പശ (Gum) ഉപയോഗിച്ച് ടൈൽസ് ഒട്ടിക്കുന്നതിനാണ് എസ്റ്റിമേറ്റിൽ പ്രോവിഷൻ വച്ചിട്ടുള്ളത്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി അളവ് പുസ്തകത്തിൽ അളവ് രേഖപ്പെടുത്തിയപ്പോൾ ടൈൽസ് വിരിച്ചതിന് DAR Code 11.37 പ്രകാരമുള്ള നിരക്ക് അനുവദിച്ച എന്നാൽ ഇതിൽ നിന്നും സിമെന്റ് മോർട്ടാറിന്റെ അളവ് കുറച്ചിട്ടില്ല. പ്രവൃത്തി അസി.എഞ്ചിനീയറുടെയും ഓവർസിയറുടെയും സാന്നിദ്ധ്യത്തിൽ 18.6.22 ന് നേരിൽ പരിശോധിച്ചതിൽ പ്രവൃത്തിയിൽ ടൈൽസ് ഒട്ടിച്ചത് നിലവിലുള്ള കാവി / സിമെന്റ് മുകളിൽ ചിപ്പ് ചെയ്ത് പശ (Gum) ഉപയോഗിച്ചാണെന്ന് ബോധ്യപ്പെട്ടു. പ്രവൃത്തി നടക്കുമ്പോൾ സ്കൂളിൽ ഉണ്ടായിരുന്ന അധ്യാപകർ തന്നെ സ്കൂളിൽ ടൈൽസ് ഒട്ടിച്ചത് പശ (Gum) ഉപയോഗിച്ചാണെന്ന് വ്യക്തമാക്കി. സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട അദ്ധ്യാപകരുടെ വിവരണത്തിലും ഇക്കാര്യം ബോധ്യപ്പെട്ടത് സ്ഥല പരിശോധന റിപ്പോർട്ടിൽ അസി.എഞ്ചിനീയർ സമ്മതിച്ചിട്ടുണ്ട്. മാത്രമല്ല സ്കൂളിന്റെ അടുക്കള ഭാഗത്തോട് ചേർന്ന് കിടക്കുന്ന വരാന്തയും ഫസ്റ്റ് ഫ്ലോറിൽ നിന്നും മുകളിലേക്ക് പോകുന്ന സ്റ്റെപ്പുകൾ എന്നിവ നിലവിലും സിമെന്റ് കാവി പൂശിയ നിലയിലാണ് ഉള്ളത്. (ഈ ഭാഗം ചെയ്തിട്ടില്ല. അളവ് പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല) വരാന്തയിലെ തൂണുകളിൽ പശ (Gum) ഉപയോഗിച്ച് ഒട്ടിച്ച ടൈൽസ് (Skerting) അടർന്ന് പോന്നിട്ടുണ്ട്. ടൈൽസ് ഒട്ടിച്ച പ്രവൃത്തിക്ക് അനുവദിക്കാവുന്ന തുക താഴെ പറയും പ്രകാരമാണ്.

DAR Code 11.37

387.842 M2 X 875 (965.07-9.3330 Tender Below) = 339361.75

DAR Code 11.42 (Deduct For Not Using 20 Mm Thick Cement Mortar 1:4 Bedding In Laying Of Floor Tiles)

387.842 M2 X592.92 (653.96-9.3330 Tender Below) = 229959.27 (-)

DAR Code 11.43

387.842 M2 X490.91 (541.45-9.3330 Tender Below) = 190395.51 (+)

Total 299797.99

അധികം നൽകിയത് - 39564 (339361.75 - 299797.99)

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 17 /20.6.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികമായി അനുവദിച്ച 39564 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 തലക്കടത്തൂർ പാലത്തിന് മുകളിൽ ഫെൻസിംഗ് നിർമ്മാണം – തെറ്റായ നിരക്ക് അനുവദിച്ചു – കരാറുകാരന് അധികം നൽകിയത് 8865 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് - 164/21

ഫണ്ട് - ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്

ബിൽ -21/25.8.20 – 158047

മൂല്യനിർണ്ണയം - 158047

കരാർ 36/5.2.20

അളവ് പുസ്തകം 64/19-20

കരാറുകാരൻ-ഉമ്മർ

TS No-84068/19-20

Est.No-2019/78240

TS-200000

Coi – 31.06% (2016 DSR)

തലക്കടത്തൂർ പാലത്തിന് മുകളിൽ ഫെൻസിംഗ് നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭാഗമായി ഇനം 4 പ്രകാരം പാലത്തിന് മുകളിൽ ഇരുവശങ്ങളിലുമായി 2.90 മീറ്റർ ഉയരത്തിൽ 10 വീതം പോസ്റ്റുകൾ (100x50mm GI Pipe) സ്ഥാപിച്ച് ഇതിനുള്ളിലായി GI Chain Link Fibre Fencing Mesh (22.3 മീറ്റർ നീളത്തിലും 3 മീറ്റർ ഉയരത്തിലും) സ്ഥാപിച്ചിട്ടുണ്ട് (DAR Code 16.70.1). ഇതിൽ GI പോസ്റ്റിനും പോസ്റ്റിൽ നാലുവശത്തായി Fencing Mesh വെൽഡ് ചെയ്ത് പിടിപ്പിക്കുന്നതിനും Approved OD 50.10.1 പ്രകാരമുള്ള നിരക്ക് വച്ച് താഴെ പറയും പ്രകാരം തുക അനുവദിച്ചു

324.662 Kgx131.26/kg = 42615.13

Approved OD 50.10.1 പ്രകാരമുള്ള നിരക്ക് ട്രസ്സ് വർക്കിന് അനുവദിക്കാവുന്ന നിരക്കാണ്. പ്രവൃത്തിയിലെ GI പോസ്റ്റ് സ്ഥാപിക്കുന്നതും വെൽഡിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് അനുവദിക്കാവുന്നത് Approved OD 50.10.2 (സിംഗിൾ സെക്ഷൻ ) പ്രകാരമുള്ള നിരക്കാണ്. ഇത് പ്രകാരം കരാറുകാരന് അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

324.662 Kgx106.88/kg = 34699.87

പ്രവൃത്തിയിൽ അധികം നൽകിയ തുക 8865 (7915.26+12%) രൂപ

(പ്രവൃത്തി 18.6.22 ന് അസി.എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചു.)

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 16 /20.6.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികമായി അനുവദിച്ച 8865 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 2020-21 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 212500 | 105/2020-21 നെൽ കൃഷി വികസനം | 212500 | 0 |
| | 380000 | 141/2020-21 ലൈഫ് മിഷൻ ഭവനപദ്ധതി | 380000 | 0 |
| | 40000 | 95/2020-21 ലൈഫ് മിഷൻ ഭവനപദ്ധതി | 40000 | 0 |
| | 400000 | 114/2020-21 ഭിന്ന ശേഷി സ്കോളർഷിപ്പ് | 400000 | |
| ആകെ | 1032500 | | 1032500 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 200000 | 105/2020-21 നെൽ കൃഷി വികസനം | 200000 | 0 |
| | 60100 | 114/2020-21 ഭിന്ന ശേഷി സ്കോളർഷിപ്പ് | 60100 | 0 |
| ആകെ | 260100 | | 260100 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| കെ. എസ്. ഇ. ബി | 09/2020-21 | 20150152000500346425 Dt.14.07.2020 20150152000500718651 Dt.11.11.2020 | 191906 | 191906 | പൂർത്തീകരിച്ച | ഇല്ല |
| | 64/2020-21 | 2015015200050099226 Dt.07.11.2020 | 103970 | 103970 | പൂർത്തീകരിച്ച | ഇല്ല |
| | | ആകെ | 295876 | 295876 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം. തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം | ലഭ്യമല്ല | ഇല്ല | 539879 | 322196 | | 217683 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6100 |
| തൻവർഷം നിക്ഷേപിച്ച തുക | 00 |
| ആകെ | 6100 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 6100 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പറും തിയ്യതിയും |
|---|---|---|
| മലപ്പുറം ഡിസ്ട്രിക്ട് പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 5000 | ഷെയർ സർട്ടിഫിക്കറ്റ് നം. 359/29.08.2001 |
| മലപ്പുറം കോപ്പറേറ്റീവ് സ്പിന്നിംഗ് മിൽ | 1100 | ഷെയർ സർട്ടിഫിക്കറ്റ് നം. 13/27.07.1977 |
| ആകെ | 6100 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 33, 34, 35, 36 | 2003-04 | മറ്റ് പരാമർശങ്ങൾ | റോഡ് പുനരുദ്ധാരണം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2009-10 10-11 | 3(19) | 2013-14 | ലഘു അവലോകനം | | |
| 2014-15 | 2(1), 2(2) | 2016-17 | | വസ്തു നികുതി, തൊഴിൽ നികുതി | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 44 | ശ്രീ.കെ.എം. രഘുനാഥൻ, | LF 27890/ Spl.cell/ | 143.75 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 143.75 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ജ്യൂ.സൂപ്രണ്ട്. | SC3/99 24.07.2001 | | | | | | | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 45 | ശ്രീ.കെ.എം. രഘുനാഥൻ, ജ്യൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 24.07.2001 | 4453 | 202/- 46208/9 9.11.04 | ഇല്ല | ഇല്ല | ഇല്ല | 202 | 4251 | |
| | | 46 | ശ്രീ.കെ.എം. രഘുനാഥൻ, ജ്യൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 24.07.2001 | 1422 | 247/- 46208/9 9.11.04 | ഇല്ല | ഇല്ല | ഇല്ല | 247 | 1175 | |
| | | 47 | ശ്രീ.കെ.എം. രഘുനാഥൻ, ജ്യൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 24.07.2001 | 1820 | 300/- 46280/94 19.08.05 | ഇല്ല | ഇല്ല | ഇല്ല | 300 | 1520 | |
| | | 53 | ശ്രീ.കെ.എം. രഘുനാഥൻ, ജ്യൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 24.07.2001 | 2015 | 29/- 47529/63 9.08.06 | ഇല്ല | ഇല്ല | ഇല്ല | 29 | 1986 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56902384 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53668006 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 48429 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1256792 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | | 39564 | ശ്രീമതി സുധർമ വി.പി ,അസിസ്റ്റന്റ് എഞ്ചിനീയർ (19782) ശ്രീ. സജീവ് എം.കെ. അസി.എക്സി.എഞ്ചിനിയർ (19782) |
| 3-2 | | 8865 | ശ്രീമതി സുധർമ വി.പി , അസിസ്റ്റന്റ് എഞ്ചിനീയർ (4433) ശ്രീ മനോജ്കുമാർ.സി.ബി., അസി.എക്സി.എഞ്ചിനിയർ (4432) |
| | ആകെ | 48429 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1161208 | ശ്രീ പി.എ മുഹമ്മദ് ഹാഷിം,സെക്രട്ടറി |
| 1-18 | 47355 | ശ്രീ പി.എ മുഹമ്മദ് ഹാഷിം,സെക്രട്ടറി |
| 1-19 | 29609 | ശ്രീ പി.എ മുഹമ്മദ് ഹാഷിം,സെക്രട്ടറി |
| 1-21 | 18620 | ശ്രീമതി. ആരുണി. കൃഷി ഓഫീസർ |
| ആകെ | 1256792 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുധർമ വി.പി, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയറുടെ കാര്യാലയം എൽ.ഐ.ഡി & ഇ.ഡബ്ല്യു തിരുനാവായ | വലിയപ്പുരക്കൽ(ഹൗസ്) തെയ്യാലിങ്ങൽ(പി.ഒ) താനൂർ, 676320 (പിൻ) |
| സജീവ്.എം.കെ അസി.എക്സി.എഞ്ചിനിയർ | എൽ.ഐ.ഡി & ഇ.ഡബ്ല്യൂ സബ് ഡിവിഷൻ കടുത്തുരുത്തി | മുക്കോംപറമ്പിൽ(ഹൗസ്) വയലാർ(പി.ഒ) ആലപ്പുഴ, 688536 (പിൻ) |
| മനോജ് കുമാർ.സി.ബി അസി.എക്സി.എഞ്ചിനിയർ | എൽ.ഐ.ഡി & ഇ.ഡബ്ല്യൂ സബ് ഡിവിഷൻ പാലക്കാട് | അമ്പാടി പൊന്നുകെട്ടിയപാറ കൊല്ലങ്കോട് (പി.ഒ) പാലക്കാട്, 673506 (പിൻ) |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.എം.15/444/98 /7.10.2010 | 5 |
| 1997-98 | കെ.എസ്.എ.എം.പി.എം.15/1580/19/19.10.2019 | 16 |
| 1998-99 | കെ.എസ്.എ.എം.പി.എം.15/1580/19/19.10.2019 | 13 |
| 1999-00 | കെ.എസ്.എ.എം.പി.എം.15/1580/19/19.10.2019 | 10 |

| | | |
|---|---|---|
| 2000-01 | കെ.എസ്.എ.എം.പി.എം.15/1580/19/19.10.2019 | 09 |
| 2001-02(വരവ്) | കെ.എസ്.എ.എം.പി.എം.15/1363/19/ 19.10.2019 | 2 |
| 2001-02 (ചെലവ്) | കെ.എസ്.എ.എം.പി.എം.15/1363/19/ 19.10.2019 | 16 |
| 2002-03 | കെ.എസ്.എ.എം.പി.എം.15/1363/19/ 19.10.2019 | 8 |
| 2003-04 | കെ.എസ്.എ.എം.പി.എം.15/1363/19/ 19.10.2019 | 4 |
| 2004-05 | കെ.എസ്.എ.എം.പി.എം.15/1363/19/ 19.10.2019 | 6 |
| 2005-06 | കെ.എസ്.എ.എം.പി.എം.15/1363/19/ 19.10.2019 | 4 |
| 2006-07 | കെ.എസ്.എ.എം.പി.എം.15/1363/19/ 19.10.2019 | 7 |
| 2007-08 | കെ.എസ്.എ.എം.പി.എം.15/1363/19/ 19.10.2019 | 12 |
| 2008-09 | എൽ.എഫ്.എം.15/1179/11/06.08.2011 | 27 |
| 2009-2010, 2010-2011 | എൽ.എഫ്.എം.15/1480/13/13.12.2013 | 26 |
| 2011-13 | കെ. എസ്. എ. എം. പി. എം.15/94/2016/ 02.03.2016 | 9 |
| 2013-14, 2014-15 | കെ.എസ്.എ. എം. പി.എം.15/2013/2016/ 3.8.2016 | 8 |
| 2015-16 | കെ.എസ്.എ.എം.പി.എം.15/3400 / 2016/ 25.01.2017 | 12 |
| 2016-17 | കെ.എസ്.എ.എം.പി.എം.15/2034 / 2017/ 19.07.2018 | 17 |
| 2017-18 | കെ.എസ്.എ.എം.പി.എം.15/274 / 2019/ 1.06.2019 | 15 |
| 2018-19 | കെ.എസ്.എ.എം.പി.എം.15/2860 / 2019/ 05-12-2019 | 16 |
| 2019-20 | കെ.എസ്.എ.എം.പി.എം 15/826/2022/03.06.2022 | 12 |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

എം.എ.6/2022

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്